വനംവകുപ്പിൽ കമ്പ്യൂട്ടർ പരിശീലനം ലഭിച്ച ജീവനക്കാരെ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരായി നിയമിക്കാൻ നടപടി

12 (1563) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ കമ്പ്യൂട്ടർ പരിശീലനം ലഭിച്ച ജീവനക്കാരെ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോൾ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരായി ആരെയൊക്കെയാണ് നിയമിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) കമ്പ്യൂട്ടർ ഓപ്പറേറ്ററായി വകുപ്പിൽതന്നെ പരിശീലനം ലഭിച്ചവർ ഉള്ളപ്പോൾ പുറത്തുനിന്നും യോഗ്യതയില്ലാത്തവരെ നിയമിക്കുന്ന നടപടി അവസാനിപ്പിക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(ബി) ഇക്കോ ഡവലപ്പുമെന്റ് പദ്ധതിയിൻപ്രകാരം വൈൽഡ് ലൈഫ് വിഭാഗം ചീഫ് കൺസർവേറ്ററുടെ ആഫീസിൽ ശ്രീമതി കെ. ഷൈലറ്റിനെയും കോട്ടയത്ത് പ്രോജക്ട് ടൈഗർ ഫീൽഡ് ഡയറക്ടറുടെ ആഫീസിൽ ശ്രീ. പ്രദീപ് കുമാറിനെയും കരാർ അടിസ്ഥാനത്തിൽ പദ്ധതി കാലയളവിലേക്ക് നിയമിച്ചിട്ടുണ്ട്. അടിയന്തിര സ്വഭാവമുള്ള ജോലികൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ചെയ്യുന്നതിനായി ദിവസക്കൂലി അടിസ്ഥാനത്തിലും ആളുകളെ നിയോഗിക്കുന്നുണ്ട്.

(സി) അപ്രകാരമുള്ള നടപടികൾ വനം വകുപ്പിൽ ഉണ്ടായിട്ടില്ല.

താൽക്കാലിക വാച്ചർ/മസ്ദൂർ തൊഴിലാളികളുടെ കൂലി കുടിശ്ശിക

13 (1564) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ കീഴിൽ സോഷ്യൽഫോറസ്ട്രി വിഭാഗത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക വാച്ചർ/മസ്ദൂർ തുടങ്ങിയ തൊഴിലാളികൾക്ക് കൂലി ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സോഷ്യൽ ഫോറസ്ട്രിയുടെ കോന്നി റേഞ്ചിൽ താൽക്കാലിക്കാരായി ജോലി നോക്കുന്നവർക്ക് ആർക്കെങ്കിലും കൂലികുടിശ്ശിക ഉണ്ടോ ; ഉണ്ടെങ്കിൽ ഇവിടെ എത്രപേർക്ക് എന്നു മുതലുള്ള കൂലി കുടിശ്ശികയുണ്ട് ;

(സി) ഇവർക്ക് എത്രയും വേഗം കുടിശ്ശിക തുക നൽകാനുള്ള നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly